"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - ശ്രീ. രജീഷ് ടി.ആർ -ന് അർഹമായ ഇൻഷ്വറൻസ് തുക സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാന സഹകരണ ബാങ്കിൽ നിലവിലുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (കൃഷി) വകുപ്പ്

സ.ഉ.(സാധാ) നം.532/2025/AGRI    തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:- 1. 31.01.2025 തീയതിയിലെ സ.ഉ (സാധാ) നം.70/2025/AGRI ഉത്തരവ്.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 12.05.2025 തീയതിയിലെ ADFW/14677/2024-TR2നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ ജില്ലയിൽ കുഴൂർ കൃഷി ഭവൻ പരിധിയിലെ കർഷകനായ ശ്രീ. രജീഷ് ടി.ആർ -ന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ തിട്ടപ്പെടുത്തിയ വിളനാശത്തിന്റെ അളവ് അധികരിക്കരുത് എന്ന വ്യവസ്ഥയോടെ, വിള ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിലേക്കായി മാന്വൽ ആയി അപേക്ഷ പരിഗണിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. ശ്രീ. രജീഷ് ടി.ആർ -ന് 72,000/-രൂപ (എഴുപത്തിരണ്ടായിരം രൂപ മാത്രം) നഷ്ടപരിഹാരം അനുവദിക്കുന്നതിന് തൃശ്ശൂർ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ടി തുക സംസ്ഥാന സഹകരണ ബാങ്കിൽ നിലവിലുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് സൂചന (2) പ്രകാരം കൃഷി ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ കുഴൂർ കൃഷി ഭവൻ പരിധിയിലെ കർഷകനായ ശ്രീ. രജീഷ് ടി.ആർ -ന് അർഹമായ ഇൻഷ്വറൻസ് തുക, 72,000/- രൂപ (എഴുപത്തിരണ്ടായിരം രൂപ മാത്രം) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാന സഹകരണ ബാങ്കിൽ നിലവിലുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിന്ന് നൽകുന്നതിന് കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANJALY V S

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ കൃഷി ഓഫീസർ, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).

സ്റ്റോക്ക്ഫയൽ/ ഓഫീസ് കോപ്പി (AGRI-AG3/84/2025-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Vineesh Kumar G
Date: 02-06-2025 10:11:38

സെക്ഷൻ ഓഫീസർ